പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 170      17.06.2013-ൽ മറുപടിക്ക്.

# മെട്രോ പോളിറ്റൻ പോലീസ് കമ്മീഷണറേറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപൊളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി ; | : (എ) ജനസംഖ്യയിൽ താരതമ്യേന മുൻപന്തിയിൽ നിൽക്കുന്നതും, വളരെക്കൂടുതൽ ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്നതുമായ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് കേരള പോലീസ് ആക്ട് 2011-ലെ സെക്ഷൻ 15(2), 15(3) & 15(4) എന്നിവയുടെ അടിസ്ഥാനത്തിൽ ഉത്തരവായിട്ടുണ്ട്. മെട്രോപൊളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത കമ്മീഷണറേറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | : (ബി) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ കൂടുതൽ വൈദഗ്ദ്ധ്യ-ത്തോടെയും ഉത്തരവാദിത്തത്തോടെയും അധികാര-ത്തോടെയും ഫലപ്രദമായി കൈകാര്യം ചെയ്യുക, പ്രസ്തുത നഗരങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുക, ട്രാഫിക് പരിപാലനം സുഗമമാക്കുക എന്നിവയാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഇത് സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ? | : (സി) മെട്രോപൊളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ